**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5355 — 31.10.2016 ൽ മറുപടിക്ക്

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, കെ.സി.ജോസഫ്<br>,, എ.പി. അനിൽ കുമാർ<br>,, എം. വിൻസെന്റ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര സ്വകാര്യ ആശുപത്രികൾ അംഗങ്ങളായിട്ടുണ്ട്; | (എ) | 149 (നൂറ്റി നാൽപ്പത്തി ഒൻപത്). |
| (ബി) | ഈ വർഷം എത്ര സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറി ;ഏങ്കിൽ അതിനുള്ള കാരണം എന്ത്; | (ബി) | ഒന്ന്; അസ്സീസിയ മെഡിക്കൽ കോളേജ്, കൊല്ലം സ്വമേധയാ പിന്മാറി. |
| (സി) | പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഇൻഷ്വറൻസ് കമ്പനിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്; | (സി) | ഐ സി ഐ സി ഐ ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി ആണ് പദ്ധതിനടത്തിപ്പ നിക്ഷിപ്തമായിട്ടുള്ളത്. |
| (ഡി) | ഈ വർഷം പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; | (ഡി) | സംസ്ഥാനവിഹിതമായി 225 കോടി രൂപയും കേന്ദ്രവിഹിതമായി 75 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ കിട്ടുന്നതിന് ആവിഷ്കരിച്ച പ്രസ്തുത പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് ആർ എസ് ബി വൈ - ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. കേന്ദ്രസർക്കാർ മെച്ചപ്പെട്ട പദ്ധതി ആസൂത്രണം ചെയ്യുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരും അനുബന്ധമായ പരിഷ്കാരത്തോടെ പദ്ധതി മെച്ചപ്പെടുത്തി നടപ്പിലാക്കുന്നതായിരിക്കും. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ